(എ) മൺസൂൺ കാലത്ത് വ്യാപകമായി പടർന്നു പിടിക്കുന്ന ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള കരുതൽ നടപടികൾ എന്തെല്ലാം;

(ബി) ഇതിലേക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം നിവാരണ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*):

(എ) ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയുന്നതിനും മറ്റ് നിയന്ത്രണ പരിപാടികൾ സ്വീകരിക്കുന്നതിനും വേണ്ടി മഴക്കാലത്തിന് മുൻപ് തന്നെ സംസ്ഥാനത്തെ എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും അവശ്യം വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകിക്കഴിഞ്ഞു. മേൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ മെഡിക്കലാഫീസർമാർക്ക് മൊത്തത്തിൽ 62 ലക്ഷം രൂപ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും എലിപ്പനിയും ഡെങ്കിപ്പനിയും കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും രോഗനിർണ്ണയ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി. രോഗ പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ട് പരിസര ശുചീകരണം, കൊതുകിന്റെ പ്രജനനസാഹചര്യങ്ങൾ കണ്ടെത്തി നശിപ്പിക്കൽ, ബോധവൽക്കരണം, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയവ നടത്തിവരുന്നു.

(ബി) പ്രധാനപ്പെട്ട എല്ലാ ആശുപത്രികളിലും രോഗ നിർണ്ണയത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാലേക്കൂട്ടി രോഗനിർണ്ണയം നടത്തുന്നതിനും ചികിൽസ ലഭ്യമാക്കുന്നതിനും വേണ്ട എല്ലാ നടപടികളും മുടക്കം കൂടാതെ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ജില്ലാ മെഡിക്കലാഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്ക് വേണ്ടി 62 ലക്ഷം രൂപ എല്ലാ ജില്ലാ മെഡിക്കലാഫീസിലേക്കുമായി ഇതിനകം തന്നെ നൽകിക്കഴിഞ്ഞു.

ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം

*20 [20] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

„ *പി. ജയരാജൻ:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കൂടുതൽ കാലതാമസം അനുഭവപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) ജാതി സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിന് മുന്തിയ പരിഗണന നൽകാൻ നിർദ്ദേശം നൽകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*:

(എ) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) – (ഡി) ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജാതി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളിൻമേൽ മൂന്ന് ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിച്ച് അർഹതപ്പെട്ട കേസുകളിൽ സർട്ടിഫിക്കറ്റ് നൽകേണ്ടതിന് 23-5-2002-ലെ 24298/റ്റി2/02/ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥരും കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ കളക്ടർമാരും ഉറപ്പ് വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ജനനി സുരക്ഷാ യോജന

*21 [21] *ശ്രീ. പി. നാരായണൻ:*

" *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജനനി സുരക്ഷാ യോജന സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) 1-4-2005 മുതൽ ഈ പദ്ധതി നിലവിൽ വന്നെങ്കിലും ഇതിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. തുക ലഭ്യമായാലുടൻ ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിത്തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly